# കൃഷി കാര്യങ്ങളുടെ ബസാർ നാളെ തുറക്കും

Madhyamam 15.12.17

**തൃശൂർ:** കർഷകർക്കും കാർഷിക വിഭവങ്ങൾ തേടുന്നവർക്കും ഇനി എന്തിനുമേതിനും അഗ്രോ ബസാറിനെ ആശ്രയിക്കാം. തൃശൂർ ചെമ്പുക്കാവിലെ കാർഷിക സമുച്ചയത്തിൽ ബസാറിൻെറ പ്രവർത്തനം ശനിയാഴ്ച തുടങ്ങും.

10ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കുന്ന അഗ്രോ ബസാർ കാർഷികോപകരണങ്ങൾ വാങ്ങാൻ മുതൽ കൃഷി പഠിക്കാൻ വരെ സഹായിക്കും. കൃഷി മന്ത്രി വി.എസ്. സുനിൽ കുമാറിൻെറ അധ്യക്ഷതവഹിക്കും. മന്ത്രി സി. രവീന്ദ്രനാഥ് മന്ത്രി എ.സി. മൊയ്തീന് കാർഷിക ഉപകരണം നൽകി ആദ്യ വിൽപന നടത്തും.

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള, കാർഷിക സർവകലാശാല, കൃഷി വകുപ്പ് എന്നിവയുടെ ഫാമുകളിലെ വിത്തുകൾ, ഹൈബ്രിഡ് വിത്തുകൾ, ചെടിച്ചട്ടികൾ, പോട്ടിങ് മിശ്രിതം, ചാണകപ്പൊടി, കോഴിവളം, മണ്ണിര കമ്പോസ്റ്റ്, മറ്റ് ജൈവ വളങ്ങൾ, വേപ്പിൻ പിണ്ണാക്ക്, ബയോ ഫെർട്ടിലൈസേഴ്സ്, ജൈവ കീടനാശിനികൾ തുടങ്ങി കാർഷികവൃത്തിക്ക് ആവശ്യമായ എല്ലാ ഉപാധികളും ഇവിടെ കിട്ടും. വിത്തും വളവും തേടി കർഷകരും കൃഷിയിൽ താൽപര്യമുള്ളവരും അലയേണ്ടതില്ല.

ആധുനിക രീതിയിലുള്ള കാർഷിക യന്ത്രങ്ങളും സാമഗ്രികളും കാണാനും അവയുടെ പ്രവർത്തനം പഠിക്കാനും ബസാറിൽ സജ്ജീകരണമുണ്ട്.